CORPORATE EDUCATIONAL AGENCY
DIOCESE OF KOTHAMANGALAM

Fr. Shaji Mathew Mundackal
Secretary

CEAK/GEN/RT/04/2022-23

## ANNUAL GATHERING & SEND OFF MEETING

സ്നേഹമുള്ളവരേ,

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ആഫീസിൽ നിന്നും ആശംസകൾ. 2022-23 അധ്യയന വർഷത്തിന്റെ അവസാന നാളുകളിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ വർഷം നമ്മുടെ സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനം വഴി ഒത്തിരിയേറെ നേട്ടങ്ങളും അംഗീകാരങ്ങളും നേടിയെടുക്കുവാൻ നമ്മുക്ക് ഇതിനോടകം കഴിഞ്ഞിരിക്കുന്നു. എല്ലാ മേഖലകളിലും മികവാർന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് നേതൃത്വം കൊടുത്ത പ്രധാനാധ്യാപകരെയും സമർപ്പണമനോഭാവത്തോടേയും ആത്മാർത്ഥതയോടെയും അവരോട് സഹകരിച്ച അധ്യാപക-അനധ്യാപകരെയും തങ്ങളുടെ കഴിവുകൾ കഠിനാധ്വാനത്തിലൂടെയും പരിശീലനത്തിലൂടെയും മികവുറ്റതാക്കി വിവിധ മത്സരങ്ങളിൽ വിജയം നേടിയ വിദ്യാർത്ഥികളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ഈ വർഷം നമ്മുടെ സ്കൂളുകളിൽ നിന്നും 51 സ്റ്റാഫംഗങ്ങൾ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. അവർക്ക് ആശംസകൾ അർപ്പിക്കുന്നതിനും നിസ്വാർത്ഥമായ അവരുടെ പ്രവർത്തനങ്ങൾക്ക് നന്ദി പറയുന്നതിനുമായി ഈ മാസം 11-ാം തീയതി ശനിയാഴ്ച വിശ്വജ്യോതി എൻജിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നാം ഒരുമിച്ചുകൂടുന്നു. എല്ലാ അധ്യാപക- അനധ്യാപകരും (ദിവസവേതനക്കാർ ഉൾപ്പെടെ) ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. രാവിലെ 9.30-ന് ആരംഭിക്കുന്ന ഈ സമ്മേളനത്തിൽ എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

10/02/2023

SECRETARY
Corporate Educational Agency
Diocese of Kothamangalam